# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P4/1057/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 26/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P4/1057/2022 തീയ്യതി: 26/07/2022

## കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അമ്പിളി. എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 06-05-2022 | 16-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-05-2022 | 16-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഐസക്ക് ജോൺ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷീജ.ആർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകുമാർ.എസ്, ഓഡിറ്റർ
ശ്രീമതി.ഹർഷ.എൽ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ഷീല.എ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |

| | | | |
|---|---|---|---|
| ഭരണ നിർവ്വഹണ സമിതി | പ്രസിഡന്റ് | 11-11-2020 | 30-12-2020 |
| ശ്രീ.കെ.രാജശേഖരൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.സുനീഷ്കുമാർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.തസ്നി ഷെരീഫ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ബിന്ദു | വെറ്റനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.രജനി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.രഞ്ജു ടി യോഹന്നാൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീ.സുമേഷ് | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.സ്റ്റെഫി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.സീന | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി.സബീന | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. റാണി.എൽ.വി | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി. നിത്യ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 04-11-2020 |
| ശ്രീമതി. അനീറ്റ ഗോമസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 05-11-2020 | 31-03-2021 |
| ശ്രീമതി.ഫെബിന എ.എൻ | അകർഡിറ്റഡ് എഞ്ചിനിയർ (NREGS) | 01-04-2020 | 31-03-2021 |

<u>ഉള്ളടക്കം</u>



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Harsha L (Auditor, On 14-05-2022)<br>Last Updated By: Naseer S (Computer Assistant, On 22-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Harsha L (Auditor, On 11-05-2022)<br>Last Updated By: Sreekumar.S (Auditor, On 21-07-2022) | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: R.Sheeja (Asst. Audit Officer, On 15-05-2022)<br>Last Updated By: Naseer S (Computer Assistant, On 26-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Harsha L (Auditor, On 11-05-2022)<br>Last Updated By: Naseer S (Computer Assistant, On 22-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: R.Sheeja (Asst. Audit Officer, On 15-05-2022)<br>Last Updated By: Naseer S (Computer Assistant, On 26-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Harsha L (Auditor, On 12-05-2022)<br>Last Updated By: Naseer S (Computer Assistant, On 22-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Harsha L (Auditor, On 12-05-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Harsha L (Auditor, On 12-05-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Harsha L (Auditor, On 12-05-2022)<br>Last Updated By: Naseer S (Computer Assistant, On 22-07-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Harsha L (Auditor, On 12-05-2022)<br>Last Updated By: Naseer S (Computer Assistant, On 26-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Harsha L (Auditor, On 13-05-2022)<br>Last Updated By: Naseer S (Computer Assistant, On 26-07-2022) | 1-10 |
| 12 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാൻ അവശേഷിക്കുന്നു.<br>Written By: Harsha L (Auditor, On 15-05-2022)<br>Last Updated By: Naseer S (Computer Assistant, On 22-07-2022) | 1-11 |
| 13 | ഭവനപുനരുദ്ധാരണം - സബ്സിഡി അധികമായി നൽകി<br>Written By: Sreekumar.S (Auditor, On 13-05-2022)<br>Last Updated By: Sreekumar.S (Auditor, On 26-07-2022) | 1-12 |
| 14 | ലൈഫ് ഭവന പദ്ധതി - സബ്സിഡി അധികമായി നൽകി<br>Written By: Sreekumar.S (Auditor, On 14-05-2022)<br>Last Updated By: Sreekumar.S (Auditor, On 26-07-2022) | 1-13 |
| 15 | 10-ാം തരം തുല്യത പരീക്ഷ-രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.<br>Written By: R.Sheeja (Asst. Audit Officer, On 15-05-2022)<br>Last Updated By: Naseer S (Computer Assistant, On 26-07-2022) | 1-14 |
| 16 | 12-ാം തരം തുല്യത പരീക്ഷ-രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.<br>Written By: R.Sheeja (Asst. Audit Officer, On 15-05-2022)<br>Last Updated By: Naseer S (Computer Assistant, On 22-07-2022) | 1-15 |
| 17 | വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല<br>Written By: R.Sheeja (Asst. Audit Officer, On 15-05-2022) | 1-16 |

| | | |
|---|---|---|
| | Last Updated By: Naseer S (Computer Assistant, On 26-07-2022) | |
| 18 | എസ്.എസ്.കെ യ്ക്കുള്ള വിഹിതം-വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.<br>Written By: R.Sheeja (Asst. Audit Officer, On 15-05-2022)<br>Last Updated By: Naseer S (Computer Assistant, On 26-07-2022) | 1-17 |
| 19 | പത്രപരസ്യം-അധിക നിരക്കിൽ തുക നൽകി<br>Written By: R.Sheeja (Asst. Audit Officer, On 16-05-2022)<br>Last Updated By: Naseer S (Computer Assistant, On 26-07-2022) | 1-18 |
| 20 | തെരുവുവിളക്ക പരിപാലനം-അടാട്ട് മോഡൽ 2019-20<br>Written By: R.Sheeja (Asst. Audit Officer, On 16-05-2022)<br>Last Updated By: Naseer S (Computer Assistant, On 26-07-2022) | 1-19 |
| 21 | ടെണ്ടർ ഫീസ് ഇനത്തിൽ തുക ലഭ്യമാകാൻ അവശേഷിക്കുന്നു.<br>Written By: Issac John (Audit Officer (HG), On 16-05-2022)<br>Last Updated By: Naseer S (Computer Assistant, On 26-07-2022) | 1-20 |
| 22 | എല്ലാ വാർഡുകളിലും മിനി എം.സി.എഫ്- പദ്ധതി പൂർണ്ണമായും നടപ്പാക്കിയില്ല.<br>Written By: Issac John (Audit Officer (HG), On 17-05-2022)<br>Last Updated By: Naseer S (Computer Assistant, On 26-07-2022) | 1-21 |
| 23 | വെറ്റിനറി ഡിസ്പെൻസറി വൈദ്യുതീകരണം -4751 രൂപ തിരികെ ഈടാക്കിയില്ല<br>Written By: Sreekumar.S (Auditor, On 22-07-2022)<br>Last Updated By: Naseer S (Computer Assistant, On 26-07-2022) | 1-22 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഭവനപുനരുദ്ധാരണം - സബ്സിഡി അധികമായി നൽകി<br>Written By: Sreekumar.S (Auditor, On 16-05-2022)<br>Last Updated By: Sreekumar.S (Auditor, On 26-07-2022) | 3-1 |
| 2 | പത്രപരസ്യം-അധിക നിരക്കിൽ തുക നൽകി<br>Written By: Sreekumar.S (Auditor, On 22-07-2022)<br>Last Updated By: Naseer S (Computer Assistant, On 26-07-2022) | 3-2 |
| 3 | വെറ്റിനറി ഡിസ്പെൻസറി വൈദ്യുതീകരണം -4751 രൂപ തിരികെ ഈടാക്കിയില്ല<br>Written By: Sreekumar.S (Auditor, On 22-07-2022)<br>Last Updated By: Sreekumar.S (Auditor, On 26-07-2022) | 3-3 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Harsha L (Auditor, On 13-05-2022)<br>Last Updated By: Naseer S (Computer Assistant, On 22-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Harsha L (Auditor, On 13-05-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Harsha L (Auditor, On 13-05-2022)<br>Last Updated By: Sreekumar.S (Auditor, On 26-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Harsha L (Auditor, On 13-05-2022)<br>Last Updated By: Harsha L (Auditor, On 13-05-2022) | 4-4 |
| 5 | വായ്പ/ വായ്പാ തിരിച്ചടവ്<br>Written By: Harsha L (Auditor, On 13-05-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Harsha L (Auditor, On 13-05-2022)<br>Last Updated By: Harsha L (Auditor, On 13-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Harsha L (Auditor, On 15-05-2022)<br>Last Updated By: Naseer S (Computer Assistant, On 26-07-2022) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Harsha L (Auditor, On 15-05-2022)<br>Last Updated By: Harsha L (Auditor, On 15-05-2022) | 4-8 |
| 9 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം<br>Written By: Harsha L (Auditor, On 15-05-2022)<br>Last Updated By: Harsha L (Auditor, On 15-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Harsha L (Auditor, On 15-05-2022)<br>Last Updated By: Naseer S (Computer Assistant, On 22-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Harsha L (Auditor, On 15-05-2022)<br>Last Updated By: Naseer S (Computer Assistant, On 22-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

27.03.20 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 19.02.21 തീയതിയിലെ 1(2) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.21 | 30.06.21 | - | - |

### 1-2-1 വാർഷികധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1. വസ്തു നികുതി കണക്കുകൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല
2. B11, B11(a) എന്നിവ പ്രകാരം തൻവർഷം സൃഷ്ടിക്കപ്പെട്ട ആകെ ആസ്തികൾ 39303621/- രൂപയാണ്. എന്നാൽ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ B3 പ്രകാരം 44327014/- രൂപയാണ് കാണിച്ചിട്ടുള്ളത്. വ്യത്യാസമുള്ള 5023393/- രൂപ (മെയിന്റനൻസ്(റോഡിതരം), തനത്ഫണ്ട് എന്നിവ) ഉപയോഗിച്ച് സൃഷ്ടിച്ചിട്ടുള്ള ആസ്തികളുടെ വിശദാംശങ്ങൾ ലഭ്യമല്ല.
3. Closing Stock-stores കണക്കുകൾ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. (രജിസ്റ്റർ പ്രകാരം 43110/- രൂപ, വാർഷികധനകാര്യപത്രിക പ്രകാരം 40110/- രൂപ
4. വാർഷിക ധനകാര്യപത്രിക പ്രകാരം, Expense Related To Pandemic/epidemic Control, Advance To CFLTC ഇനത്തിൽ നൽകിയ മുൻകൂർ ക്രമവൽക്കരിച്ചിട്ടുണ്ടെങ്കിലും, ഇതിനായുള്ള പഞ്ചായത്ത് പ്രസിഡന്റിന്റേയും, നോഡൽ ഓഫീസറിന്റേയും പേരിൽ ഉള്ള ബാങ്ക് അക്കൗണ്ടിൽ ( KGB A/C NO-40622101057263) 31/03/2021 ൽ 109630/- രൂപ ബാലൻസ് നിൽക്കുന്നു.
5 . വാർഷിക കണക്കുകൾ പ്രകാരമുള്ള സംയുക്ത പ്രോജക്ടിന്റെ ഫണ്ട് വിനിയോഗം സുലേഖ സ്റ്റേറ്റ്മെൻറുമായി പൊരുത്തപ്പെടുന്നില്ല.
6. വാർഷിക കണക്കിലെ ബാങ്ക് അക്കൗണ്ട് പ്രകാരം NREGS നീക്കിയിരിപ്പ് 104985/- രൂപയാണെങ്കിലും ലൈബിലിറ്റി ഹെഡിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത് 103985/- രൂപയാണ്

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9749566/- രൂപ |
| വരവ് | 80340703/- രൂപ |
| ആകെ | 90090269/- രൂപ |
| ചെലവ് | 77842398/- രൂപ |
| നീക്കിയിരിപ്പ് | 12247871/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 77391/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 943383/- രൂപ |

### 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ | ക്യൂബിൽ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 15368625 | 15368625 | 15361389 | 7236 | |
| വികസനഫണ്ട് (എസ്.സി.പി) | 0 | 9618000 | 9618000 | 9288384 | 329616 | |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) | 0 | 11623061 | 11623061 | 8468356 | 3154705 | |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) | 0 | 598000 | 598000 | 2411598 | 3568402 | |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 11136000 | 11136000 | 10995936 | 140064 | |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 4347000 | 4347000 | 3638482 | 708518 | |
| സംസ്ഥാനാവിഷ്കൃതം | | | | | | |
| റ്റി.എസ്.സി | 788669 | 26068 | 814677 | - | 814677 | |
| വിമുക്തി | 645 | 73238 | 73883 | 10200 | 63683 | |
| നിർമ്മൽ പുരസ്കാരം | 369 | - | 369 | - | 369 | |
| ശുചിത്വമിഷൻ | 1692914 | - | 1692914 | - | 1692914 | |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 0 | 600000 | 600000 | 0 | 600000 | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ആശ്രയ ചലഞ്ച് ഫണ്ട് | 0 | 1531933 | 1531933 | 1331933 | 200000 | |
| ഐസിഡിഎസ് | 203578 | 857339 | 1060917 | 1138099 | -77182 | |
| എംജിഎൻആർഇജിഎ | 226 | 517121 | 517347 | 412588 | 104985 | |
| റ്റി.എസ്.സി | 410400 | 2586626 | 2997026 | 60000 | 2937026 | |
| എസ്.എസ്.എ | 300000 | - | 300000 | - | 300000 | |
| സുനാമി | 81556 | - | 81556 | - | 81556 | |
| ഐ.എ.വൈ | 800000 | - | 800000 | - | 800000 | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 8200 | - | 8200 | - | 8200 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 201 | 141212933 | 153 | 54546073 | 48 | 0 | 76 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 226 | 517121/- | 517347/- | 412362/- | 104985/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 21301361/- | 21301361/- | 21301361/- | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 34920 | 49 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1062000 | 74 |
| വിധവാപെൻഷൻ | 18035700 | 1283 |
| വാർദ്ധക്യകാലപെൻഷൻ | 26808500 | 2176 |
| വികലാംഗപെൻഷൻ | 5487800 | 381 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 372900 | 32 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.05.2022 തീയതിയിൽ 12.00pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9292/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ടച്ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ മതിയായ കാരണം രേഖപ്പെടുത്താതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്ന പ്രവൃത്തിയാണ് കാണുന്നത്. രസീതുകളുടെ ക്യാൻസലേഷൻ മതിയായ അനുമതിയോടെയാണെന്ന് ഉറപ്പാക്കേണ്ടതാണ്. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നു. റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് ആസ്തി രജിസ്റ്റർ ഇവ കാലികമല്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.01.22- 14.01.22 | 11/2021 | 14.01.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29/08/2018 – 10/09/2018 | 2013-14 മുതൽ 2017-18 വരെ | 04.10.2018 |

## 1-11 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാൻ അവശേഷിക്കുന്നു.

2020-21 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഒടുക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ജീവനക്കാരുടെ തൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ഇർഷാദിയ പബ്ലിക് സ്കൂൾ, ചാത്തിനാംകുളം | I |
| 2 | എം.ഇ.എസ് ഇംഗ്ലീഷ് സ്കൂൾ, കണ്ടച്ചിറ | I &II |

2)സ്ഥാപന തൊഴിൽ നികുതി

| | | |
|---|---|---|
| 3 | നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് | I &II |
| 4 | റെയിൽവേ സ്റ്റേഷൻ, പെരിനാട് | I &II |
| 5 | പനയം പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | II |
| 6 | ബി.എസ്.എൻ.എൽ, പെരിനാട് | I &II |

തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാതിരുന്നതിന് വിശദീകരണം നല്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കോവിഡ്-19 പടർന്ന് പിടിച്ച സാഹചര്യത്തിൽ ഇർഷാദിയ പബ്ലിക് സ്കൂൾ, ചാത്തിനാംകുളം, എം.ഇ.എസ് ഇംഗ്ലീഷ് സ്കൂൾ, കണ്ടച്ചിറ എന്നീ സ്കൂളുകൾ 2020-21 സാമ്പത്തിക വർഷം അടഞ്ഞു കിടക്കുകയായിരുന്നുവെന്നും, സ്കൂളിൽ നിന്ന് സമർപ്പിച്ച റിട്ടേൺ സ്റ്റേറ്റ്മെന്റിൽ തൊഴിൽ നികുതി ഇല്ലാ എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്. സ്കൂളുകൾ തുറക്കുന്ന മുറയ്ക്ക് തൊഴിൽ നികുതി കൃത്യമായി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതും, മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നം: 06/13.05.22

1-12 ഭവനപുനരുദ്ധാരണം - സബ്സിഡി അധികമായി നൽകി

| | |
|---|---|
| പ്രോജക്റ്റ് നം. | S0 129/2020-21 ഭവനപുനരുദ്ധാരണം (എസ്.സി) (SO) |
| അടങ്കൽ | 1100000/- രൂപ (എസ്.സി.പി) |
| ചെലവ് , ബിൽവിവരം | 1)ബിൽ നമ്പർ 1/2020-21 തീയതി 30-04-2020 തുക-150000/- രൂപ<br>2)ബിൽ നമ്പർ 3/2020-21 തീയതി 16-06-2020 തുക-350000/- രൂപ<br>3)ബിൽ നമ്പർ 4/2020-21 തീയതി 16-06-2020 തുക-100000/- രൂപ<br>4)ബിൽ നമ്പർ 5/2020-21 തീയതി 16-07-2020 തുക-50000/- രൂപ<br>5)ബിൽ നമ്പർ 6/2020-21 തീയതി 28-09-2020 തുക-250000/- രൂപ<br>6)ബിൽ നമ്പർ 7/2020-21 തീയതി 16-01-2021 തുക-100000/- രൂപ |

2020-21 സാമ്പത്തികവർഷം വി ഇ ഒ നിർവ്വഹണം നടത്തിയ ഭവനപുനരുദ്ധാരണം S0 129/2020-21 (എസ്.സി) (SO) പദ്ധതിപ്രകാരം ഒരു ഗുണഭോക്താവിന് 100000/- രൂപ വീതമാണ് ആനുകൂല്യം നൽകേണ്ടിയിരുന്നത്. എന്നാൽ ഫയൽ പരിശോധനയിൽ താഴെ പറയുന്ന ഗുണഭോക്താവിന് SO 129/2020-21 പദ്ധതിപ്രകാരം ഭവനപുനരുദ്ധാരണത്തിനായി 150000/- രൂപ കൈമാറിയതായി കണ്ടെത്തി

| ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ | തീയതി | തുക (രൂപ) |
|---|---|---|---|
| ശ്രീമതി. ലളിത തുളസീധരൻ<br>നെല്ലിവിള കിഴക്കതിൽ<br>ചിറ്റയം<br>A/c No-67106852948 | 1/2020-21 | 30.04.2020 | 50000 |
| | 5/2020-21 | 16.07.2020 | 50000 |
| | 7/2020-21 | 16.01.2021 | 50000 |
| | ആകെ | | 150000 |

100000/- രൂപ പരമാവധി ആനുകൂല്യം നിശ്ചയിച്ചിരുന്ന പദ്ധതിപ്രകാരം മേൽ പറഞ്ഞ ശ്രീമതി. ലളിത തുളസീധരൻ നെല്ലിവിള കിഴക്കതിൽ ചിറ്റയം എന്ന ഗുണഭോക്താവിന് 150000/- രൂപ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/12.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി അനുവദിച്ച 50000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-13 ലൈഫ് ഭവന പദ്ധതി - സബ്സിഡി അധികമായി നൽകി

1) ലൈഫ് ഭവന പദ്ധതി - സബ്സിഡി അധികമായി നൽകി

| | |
|---|---|
| പ്രോജക്ട് നം. | S0 126/2020-21 ലൈഫ് ഭവന പദ്ധതി(ജനറൽ) |
| അടങ്കൽ | 1400000/- (സ്റ്റേറ്റ് ഷെയർ) |
| ചെലവ് , | 500000/- (സ്റ്റേറ്റ് ഷെയർ) |
| പ്രോജക്ട് നം | S0 123/2020-21 ലൈഫ് ഭവന പദ്ധതി(ജനറൽ) |
| അടങ്കൽ | 2702000/- |
| ചെലവ് | 60000/- (ചെക്ക് നമ്പർ-395333 തീയതി -09-06-2022) |

2020-21 സാമ്പത്തികവർഷം വി ഇ ഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതി -S0 126/2020-21-ജനറൽ(SO) പദ്ധതി പ്രകാരം ശ്രീമതി.ലാലിചരുവിള പുത്തൻ വീട് ചിററയം എന്ന ഗുണഭോക്താവിന് 360000 രൂപയാണ് നൽകേണ്ടിയിരുന്നത്(40000രൂപ 13/07/2018ൽ പ്ലാൻ ഫണ്ടിൽ നിന്നുംനൽകിയിട്ടുണ്ട്). എന്നാൽ ഫയൽ പരിശോധനയിൽ താഴെ പറയുന്ന ഗുണഭോക്താവിന് S0 126/2020-21 ലൈഫ് ഭവന പദ്ധതിപ്രകാരം 460000/രൂപ കൈമാറിയതായും അധികമായി നൽകിയ 100000രൂപ മാസങ്ങൾക്ക് ശേഷം ഗുണഭോക്താവിൽ നിന്നും ഈടാക്കിയതായും കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|
| ശ്രീമതി.ലാലി ചരുവിള പുത്തൻ വീട് ചിററയം | 395333 | 09-06-2020 | 160000/- (100000/- സ്റ്റേറ്റ്ഷെയർ + 60000/- ലോൺ) |
| | 395336 | 7-09-2020 | 100000/- സ്റ്റേറ്റ് ഷെയർ |
| | 395338 | 18-11-2020 | 100000/- സ്റ്റേറ്റ് ഷെയർ |
| | 395339 | 31-03-2021 | 100000/- സ്റ്റേറ്റ് ഷെയർ |
| | ആകെ | | 460000/- |

31-03-2021ൽ ചെക്ക് നമ്പർ 395339 പ്രകാരം നൽകിയ 100000/- രൂപ ഗുണഭോക്താവിന് അധികമായി നൽകിയതാണ്. അധികമായി നൽകിയ 100000/- രൂപ 12/07/2021ൽ 121010100431 നമ്പർ രസീത് പ്രകാരം ഗുണഭോക്താവിൽ നിന്നും ഈടാക്കിയതായി കണ്ടെത്തി. നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചമൂലമാണ് ഈ രീതിയിൽ അധികം തുക ഗുണഭോക്താവിന് നൽകാൻ സാഹചര്യം ഉണ്ടായത്. അതിനാൽ അധികമായി നൽകിയ 100000/- രൂപക്ക് 31-03-2021 മുതൽ 12/07/2021 വരെയുള്ള കാലയളവിൽ 12% പലിശ കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കണം. അധികമായി നൽകിയ 100000/- രൂപയും പലിശയായ 3386/- രൂപയും നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി രേഖകൾ ഓഡിററിൽ ലഭ്യമാക്കേണ്ടതാണ്.

2) 2019-20 സാമ്പത്തികവർഷം വി ഇ ഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതി -S0 192/2019-20-ജനറൽ(SO) പദ്ധതി പ്രകാരം ശ്രീമതി. അംബിക, ചെറുവള്ളി പടിഞ്ഞാറ്റതിൽ ,പനയം എന്ന ഗുണഭോക്താവിന് 360000/- രൂപയാണ് നൽകേണ്ടിയിരുന്നത് (40000/- രൂപ 13/08/2018ൽ പ്ലാൻ ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്). എന്നാൽ ഗുണഭോക്താവിന് S0 192/2019-20 ലൈഫ് ഭവന പദ്ധതി പ്രകാരം ആ സാമ്പത്തിക വർഷം 460000/- രൂപ കൈമാറിയതായും അധികമായി നൽകിയ 100000/- രൂപ മാസങ്ങൾക്ക് ശേഷം ഗുണഭോക്താവിൽ നിന്നും ഈടാക്കിയതായും കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ചെക്ക് നമ്പർ | തീയതി | തുക (രൂപ) |
|---|---|---|---|
| ശ്രീമതി. അംബിക, ചെറുവള്ളി പടിഞ്ഞാറ്റതിൽ, പനയം | (പ്ലാൻ ഫണ്ട്) | 13-08-2018 | 40000/- |
| | 474377 | 07-01-2019 | 160000/- ലോൺ) |
| | 474380 | 26-06-2019 | 100000/-സ്റ്റേറ്റ് ഷെയർ |
| | 474385 | 16-10-2019 | 100000/- സ്റ്റേറ്റ് ഷെയർ |
| | 395331 | 27-01-2020 | 100000/- സ്റ്റേറ്റ് ഷെയർ |
| | ആകെ | | 500000/- |

27-01-2020ൽ ചെക്ക് നമ്പർ 395331 പ്രകാരം നൽകിയ 100000/- രൂപ ഗുണഭോക്താവിന് അധികമായി നൽകിയതാണ്. അധികമായി നൽകിയ 100000/- രൂപ 21/10/2020ൽ 120010101120 നമ്പർ രസീത് പ്രകാരം ഗുണഭോക്താവിൽ നിന്നും ഈടാക്കിയതായി കണ്ടെത്തി. നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചമൂലമാണ് ഈ

രീതിയിൽ അധികം തുക ഗുണഭോക്താവിന് നൽകാൻ സാഹചര്യം ഉണ്ടായത്. അതിനാൽ അധികമായി നൽകിയ 100000/- രൂപയ്ക്ക് 27-01-2020 മുതൽ 21/10/2020 വരെയുള്ള കാലയളവിൽ 12% പലിശ കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കണം. അധികമായി നൽകിയ 100000രൂപയും പലിശയായ 8844/- രൂപയും നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-14 10-ാം തരം തുല്യത പരീക്ഷ-രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. – SO0238/21

അടങ്കൽ – 55500/- (വികസനഫണ്ട്- ജനറൽ)

ചെലവ് – 55500/- (ബിൽ നം-2/20-21,31.3.21)

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ സ്പിൽഓവർ പ്രോജക്ട് പ്രകാരം 10-ാം തരം തുല്യതാകോഴ്സിനുള്ള ഫീസിനത്തിൽ 30 പഠിതാക്കൾക്ക് 1850 രൂപ നിരക്കിൽ 55500/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കളുടെ ലിസ്റ്റ്, തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ, പരീക്ഷ പാസ്സായതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് റിക്വസിഷനു മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 55500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് റിക്വസിഷൻ നം. – 3/13.05.2022

തടസ്സപ്പെടുത്തിയ തുക - 55500/- രൂപ

1-15 12-ാം തരം തുല്യത പരീക്ഷ-രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. – SO0239/21

അടങ്കൽ - 93900/- (വികസനഫണ്ട് ജനറൽ)

ചെലവ് – 93900/- (ബിൽ നം – 3/20-21/31.3.21)

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടു പ്രകാരം 12-ാം തരം തുല്യതാകോഴ്സിനായി 35 ജനറൽ പഠിതാക്കൾക്ക് 2500/- രൂപ നിരക്കിൽ 87500/- രൂപയും എസ്.സി വിഭാഗത്തിൽപ്പെട്ട 20 പഠിതാക്കൾക്ക് 320/- രൂപ നിരക്കിൽ 6400/- രൂപയും ഉൾപ്പെടെ ആകെ 93900/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കളുടെ ലിസ്റ്റ്, തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ, പരീക്ഷ പാസ്സായതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് റിക്വസിഷന് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 93900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് റിക്വസിഷൻ നം. – 3/13.05.2022

തടസ്സപ്പെടുത്തിയ തുക - 93900/- രൂപ

1-16 വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

സെക്രട്ടറിനിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല . വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | നിർവഹണ ഏജൻസി | നൽകിയ തുക/ ഫണ്ട് | ബിൽ നമ്പർ / വൗച്ചർ നമ്പർ/ തീയതി | റിമാർക്ക്സ് |
|---|---|---|---|---|
| 19/20-21 പോസ്റ്റ് ഷിഫ്റ്റിംഗ് | കെ.എസ്.ഇ.ബി | 51153/-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 78/20-21, 16.03.21 | വിനിയോഗ സാക്ഷ്യപത്രം, |

| | | | | |
|---|---|---|---|---|
| | | | 27514/-<br>83/20-21, 25.03.21<br>23639/- | പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 23/21 ജീവനം ഡയാലിസിസ് പദ്ധതി ഗ്രാമപഞ്ചായത്ത് വിഹിതം | സെക്രട്ടറി, ജില്ലാപഞ്ചായത്ത് | 100000/- (വികസന ഫണ്ട് ജനറൽ) | 28/20-21, 18.08.20 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 159/21 വെറ്റിനറി ഡിസ്പെൻസറി വൈദ്യുതീകരണം | അസി.എക്സി.എഞ്ചിനിയർ, പി.ഡബ്ല്യു.ഡി | 155987/- (ധനകാര്യ കമ്മീഷൻ ഗ്രാൻഡ്) | 13/20-21, 15-05-20 | 151236/- രൂപായുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. 4751/-രൂപ തിരികെ ഈടാക്കേണ്ടതാണ് |
| 169/21 പോസ്റ്റ് ഷിഫ്റ്റിംഗ് | കെ.എസ്.ഇ.ബി | 97459/- (ധനകാര്യ കമ്മീഷൻ ഗ്രാൻഡ്) | 53/20-21, 27.11.20 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| | | ആകെ 248612/- | | |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിവരം സൂചിപ്പിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എൻക്വയറി നം – 5/13.05.22

തടസ്സപ്പെടുത്തിയ തുക - 248612/- രൂപ

1-17 എസ്.എസ്.കെ യ്ക്കുള്ള വിഹിതം-വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | സമഗ്ര ശിക്ഷ – കേരള - വിഹിതം-2020-21<br>പ്രോജക്ട് നമ്പർ.10/20-21 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി. സ്കൂൾ, പെരുമൺ |
| അടങ്കൽ | 545371/- (വികസന ഫണ്ട്(ജനറൽ) |
| ചെലവ് | 545371/- (ബിൽ നമ്പർ.1/20-21, 31.03.21) |

ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി. സ്കൂൾ, പെരുമൺ നിർവഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് സമഗ്ര ശിക്ഷ – കേരള – വിഹിതം-2020-21. ഈ പദ്ധതി പ്രകാരം എസ്.എസ്.കെ യ്ക്കുള്ള വിഹിതമായ 545371/- രൂപ ജില്ലാ പ്രോജക്ട് കോർഡിനേറ്റർ, സമഗ്ര ശിക്ഷാ കേരള യുടെ 0815101908473 എന്ന അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. (ബിൽ നമ്പർ. 1/20-21, 31.03.21). എന്നാൽ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് റിക്വസിഷനു മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 55500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് റിക്വസിഷൻ നം. – 3/13.05.2022

തടസ്സപ്പെടുത്തിയ തുക - 545371/- രൂപ

1-18 പത്രപരസ്യം-അധിക നിരക്കിൽ തുക നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 2020-21 പദ്ധതി രൂപീകരണ നിർവഹണ മോണിറ്ററിംഗ് ചെലവുകൾ<br>പ്രോജക്ട് നമ്പർ. 2/20-21 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 231043/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 205535/- (ബിൽ നമ്പർ.1/20-21, 31.03.21) |

മേൽ പദ്ധതി പ്രകാരം പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് കേരള കൗമുദി ദിനപത്രത്തിൽ പത്ര പരസ്യത്തിനായി 67200/- രൂപ ചെലവഴിച്ചിട്ടുണ്ട്. 1 Sq Cms ന 200/- രൂപ പ്രകാരമാണ് പരസ്യത്തിനായി തുക ചെലവഴിച്ചിട്ടുള്ളത്. (CGST-2.5%, SGST-2.5%) എന്നാൽ ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് (ഡി) വകുപ്പിന്റെ 10.12.2020 ലെ സ.ഉ.(അച്ചടി) നമ്പർ. 2/2020/ ഐ&പി.ആർ.ഡി ഉത്തരവു പ്രകാരം കേരള കൗമുദി ദിനപത്രം, കൊല്ലത്ത് B കാറ്റഗറിയിൽ ഉൾപ്പെടുന്ന ദിനപത്രമായതിനാൽ 1 Sq Cms ന അനുവദിക്കാവുന്ന പരമാവധി തുക 98/- രൂപയാണ്. മേൽ ഉത്തരവിലെ ഖണ്ഡിക 51 പ്രകാരം പി.ആർ.ഡി മുഖേന അല്ലാതെ നേരിട്ട് അച്ചടി മാധ്യമങ്ങൾക്ക് പരസ്യം നൽകേണ്ട പ്രത്യേക സാഹചര്യമുണ്ടായാൽ ടി പരസ്യം പി.ആർ.ഡി മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട ദിനപത്രങ്ങളിൽ മാത്രം നൽകേണ്ടതാണ്. ഇത്തരം സാഹചര്യങ്ങളിൽ സ്ലോട്ടുകൾ ഉറപ്പാക്കുന്നതിനായി പി.ആർ.ഡി പരസ്യനിരക്കിൽ നിന്നും പരമാവധി 50% വരെ മാത്രമേ പരസ്യനിരക്കിൽ വർദ്ധനവ് നൽകാൻ പാടുള്ളൂ എന്ന വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്. ടി സ്ഥാപനങ്ങൾക്ക് പരസ്യത്തുകയുടെ 15% ഡിസ്കൗണ്ട് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പരസ്യത്തിന്റെ അളവ്(Sq.Cms) | നല്കിയ തുക( ഒരുSq.Cms ന് 200/- രൂപ)CGST-2.5%, SGST-2.5% ഉൾപ്പടെ | ബിൽ നമ്പർ / തീയതി | ഉത്തരവു പ്രകാരം നൽകാവുന്ന തുക ഒരു Sq.Cms ന് 98/- CGST-2.5%, SGST -2.5%ഉൾപ്പടെ | 50% വർദ്ധനവ് | 15% ഡിസ്കൗണ്ട് | നൽകേണ്ടിയിരുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 1 | 40 | 8400 | 56/20-21, 27.11.20 (33600/- രൂപ) | 4116 | 2058 | 617 | 5557 | 2843 |
| 2 | 32 | 6720 | 56/20-21, 27.11.20 | 3371 | 1686 | 506 | 4551 | 2169 |
| 3 | 40 | 8400 | 56/20-21, 27.11.20 | 4116 | 2058 | 617 | 5557 | 2843 |
| 4 | 48 | 10080 | 56/20-21, 27.11.20 | 4939 | 2470 | 741 | 6668 | 3412 |
| 5 | 64 | 13440 | 79/20-21, 16.03.21 | 6586 | 3293 | 988 | 8891 | 4549 |
| 6 | 40 | 8400 | 82/20-21, 25.03.21 (20160/- | 4116 | 2058 | 617 | 5557 | 2843 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | രൂപ) | | | | | |
| 7 | 56 | 11760 | 82/20-21, 25.03.21 | 5762 | 2881 | 864 | 7779 | 3981 |
| | | | | | | | | ആകെ 22640/- |

അധികം നല്കിയ 22640/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

എൻക്വയറി നമ്പർ. 5/20-21,13.05.22

നിരാകരിച്ച തുക - 22640/- രൂപ

## 1-19 തെരുവുവിളക്കു പരിപാലനം-അടാട്ട് മോഡൽ 2019-20

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി,നം (1) | 7/21, തെരുവുവിളക്കു പരിപാലനം-അടാട്ട് മോഡൽ 20-21<br>അടങ്കൽ : 1000000/-<br>(984512 വികസന ഫണ്ട് ജനറൽ, 15488 ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>ചെലവ് : 294065/- വികസന ഫണ്ട് ജനറൽ<br>(ബിൽ നമ്പർ. 62/20-21, 12.01.21- 213990/- 66/20-21, 12.01.21 – 80075/-) |
| പദ്ധതി,നം (2) | 136/21, തെരുവുവിളക്കു പരിപാലനം - അടാട്ട് മോഡൽ 19-20 (Spill Over)<br>അടങ്കൽ : 531516/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>ചെലവ് : 196900/- (ബിൽ നമ്പർ. 12/20-21, 15.05.20-71700/- 19/20-21, 8.06.20- 125200/-) |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി അടാട്ട് മാതൃകയിലുള്ള തെരുവ് വിളക്ക് പരിപാലത്തിന് വേണ്ടിയാണ് മേൽപദ്ധതികൾ നടപ്പിലാക്കിയത്. സ്പിൽ ഓവർ പദ്ധതിയായ 7/21 പദ്ധതി പ്രകാരം വണ്ടി വാടക ഇനത്തിൽ 58,000/- രൂപയും തൊഴിലാളിയ്ക്കുള്ള വേതനമിനത്തിൽ 138900/- രൂപയും ഉൾപ്പടെ ആകെ 196900/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, തൻവർഷ പദ്ധതിയായ 136/21 പ്രകാരം തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 213990/- രൂപയും വണ്ടി വാടക ഇനത്തിൽ 20,000/- രൂപയും തൊഴിലാളിയ്ക്കുള്ള വേതനമിനത്തിൽ 60075/- രൂപയും ഉൾപ്പടെ ആകെ 213990/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അടാട്ട് മാതൃകയിലെ പരിപാലനത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളൊന്നും പാലിച്ചിട്ടില്ലെന്ന് കാണുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു.

1) തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം കെ.എസ്.ഇ.ബി അധികൃതരും തദ്ദേശസ്വയം ഭരണാധികാരികളും സംയുക്ത പരിശോധന നടത്തി പോസ്റ്റ് നം. സഹിതം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) കംപ്ലയിന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

3) തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്ററിൽ മെയിന്റനൻസ് നടത്തേണ്ട തെരുവ് വിളക്കുകളുടെ പോസ്റ്റ് നം രേഖപ്പെടുത്തുന്നുണ്ടെങ്കിലും അറ്റകുറ്റപ്പണി നടത്തിയ തീയതിയോ ഇലക്ട്രീഷ്യന്റെ ഒപ്പോ നോഡൽ ഓഫീസറുടെ ഒപ്പോ ഇല്ല. പ്രസ്തുത രജിസ്റ്ററിലെ രേഖപ്പെടുത്തലുകളാണ് ഇലക്ട്രീഷ്യന്മാർക്ക് വേതനം നല്കുന്നതിനുള്ള രേഖയെന്നതിനാൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.

4) മാർഗ്ഗരേഖകളിൽ ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്നും കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്സ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഈ രജിസ്റ്ററുകൾ റിക്കൺസിൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും സ്റ്റോക്ക് രജിസ്റ്റർ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിൽ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത തീയതിയോ വിതരണം ചെയ്ത തീയതിയോ രേഖപ്പെടുത്തുന്നില്ല. വിതരണം ചെയ്തവയുടെ എണ്ണവും കൈപ്പറ്റിയവരുടെ ഒപ്പും മാത്രമാണ്

രേഖപ്പെടുത്തിയിട്ടുള്ളത്. തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുമ്പോൾ പെർഫോമൻസ് ഗ്യാരന്റി ആവശ്യപ്പെടണമെന്നും ടി വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പാലിച്ചിട്ടില്ല.

5) പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ഉത്തരവ് നമ്പർ. ജി2-44274/2015 പ്രകാരം കംപ്ലയിന്റ് രജിസ്റ്റർ പരിശോധിച്ച് മാറ്റി സ്ഥാപിക്കേണ്ട തെരുവ് വിളക്കുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അതിന് ആവശ്യമായി വരുന്ന ദിവസങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് കരാർ കാലാവധി ടി ദിവസങ്ങളിൽ പരിമിതപ്പെടുത്തി ടെണ്ടർ/ക്വട്ടേഷൻ നടപടി ക്രമങ്ങൾ പാലിച്ച് വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്. എന്നാൽ ടെണ്ടർ/ക്വട്ടേഷൻ നടപടി ക്രമങ്ങൾ പാലിക്കാതെ ദിവസം 1000/-രൂപ നിശ്ചയിച്ചാണ് മേൽ പദ്ധതി പ്രകാരം വണ്ടി വാടക നൽകിയിട്ടുള്ളത്.

മേൽ അപാകതകൾ പരിഹരിച്ച് സുതാര്യമായ രീതിയിൽ പദ്ധതി നടപ്പിലാക്കേണ്ടതാണ്. പ്രസ്തുത വിഷയങ്ങൾ സൂചിപ്പിച്ച കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം – 5/13.05.2022

## 1-20 ടെണ്ടർ ഫീസ് ഇനത്തിൽ തുക ലഭ്യമാകാൻ അവശേഷിക്കുന്നു.

പനയം ഗ്രാമപഞ്ചായത്തിൽ 2018-19, 2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഇ-ടെണ്ടർ ചെയ്തയിനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ടെണ്ടർ ഫീസ് തുക 1,34,344/- രൂ. പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൌണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്, ആയത് ചെക്ക് നമ്പർ 669575 Dtd-26.4.2022 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട് (രസീത് നം.1220100187/27.4.2022).

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | തുക |
|---|---|
| 2018-19 (7/18 To 3/19) | 40660/- |
| 2019-20 | 31769/- |
| 2020-21 | 21135/- |
| 2021-22 | 40780/- |
| ആകെ | 1,34,344/- രൂ. |

2018-19 സാമ്പത്തിക വർഷം 4/18 മുതൽ 6/18 വരെ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്ത ടെണ്ടർ ഫീസ് തുക 43960/- രൂ. നാളിതുവരെ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (2/12.5.2022) മറുപടിയിൽ ടി തുക ലഭ്യമാക്കുന്നതിന് 15.7.2021-ലെ 1/AE/LSGD/PNY/21-22 നമ്പർ കത്ത് പ്രകാരം കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും, ടി തുക ലഭ്യമാകുന്ന മുറയ്ക്ക് പഞ്ചായത്തിൽ അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും നിർവഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. തുക ലഭ്യമാക്കി വിവരം അറിയിയിക്കേണ്ടതാണ്.
എൻക്വയറി – 01/12-05-2022

## 1-21 എല്ലാ വാർഡുകളിലും മിനി എം.സി.എഫ്- പദ്ധതി പൂർണ്ണമായും നടപ്പാക്കിയില്ല.

പനയം ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലും പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിനായി മിനി M.C.F.( Material Collection Facility) സ്ഥാപിക്കുന്നതിനായി 2019-20 വർഷം രൂപീകരിച്ച പ്രസ്തുത പ്രോജക്ടിന് (നം. 113/20) 10,65,600/- രൂപ അടങ്കൽ (Plan-8,25,600+CFC-2,40,000/-) നിശ്ചയിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി (DSR-2016, Cost Index-41.85%). ടി പ്രവൃത്തിക്കായി ടെണ്ടർ ചെയ്തതിൽ ശ്രീ. അഭയദേവ്. R സമർപ്പിച്ച 9,30,048.69 രൂപയുടെ ദർഘാസ് പഞ്ചായത്ത് സമിതിയുടെ 31.10.2019- ലെ 13(1) നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും, ടിയാൻ നിർവഹണോദ്യോഗസ്ഥനുമായി കരാറിലേർപ്പെടുകയും ചെയ്തു (Agmt.No.27/AE /LSGD/PNY/19-20 Dt-15.11.2019). 15.11.2019-ൽ സൈറ്റ് കൈമാറിയെങ്കിലും, 4.4.2020-ൽ മാത്രമാണ് പ്രവൃത്തി

ആരംഭിച്ചത്. 2019-20 വർഷം പ്രവൃത്തിക്കായി ചെലവുകൾ ഒന്നും നടന്നിട്ടില്ല. തുടർന്ന്, 2020-21-ൽ പ്രവൃത്തി സ്പിൽ ഓവറായി അംഗീകാരം നേടിയിട്ടുണ്ട് (നം. 178/21).

അടങ്കൽ തുക – 10,65,600/- രൂപ ( Plan-8,25,600 + CFC-2,40,000/-).

ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ട്രഷറി ബിൽ നമ്പർ | തുക (രൂപ) |
|---|---|
| 49/20-21/30.11.2020 | 3,74,188/- |
| 60/20-21/20.2.2021 | 4,01,317/- |
| 87/20-21/30.3.2021 | 2,66,093/- |
| ആകെ | 10,41,598/- |

ആകെ പ്രവൃത്തിമൂല്യം 9,30,001/- രൂപ കണക്കാക്കി, 12% GST 1,11,600/- രൂപയും ചേർത്ത് 10,41,601/- രൂപ എന്നത് 10,41,598/- രൂപയിൽ പരിമിതപ്പെടുത്തിയാണ് ബിൽ തുക മാറിയിട്ടുള്ളത്. നിയമാനുസൃത നികുതികൾ കിഴിച്ച് 9,86,995/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

പ്രസ്തുത പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിലെ 16 വാർഡുകളിലും മിനി M.C.F. യൂണിറ്റുകൾ നിർമ്മിക്കുന്നതിനുവേണ്ടിയാണ് പ്രോജക്ട് രൂപീകരിച്ചത്.എന്നാൽ 12വാർഡുകളിൽ മാത്രമേ പദ്ധതി നടപ്പിലാക്കിയുള്ളു (7,9,12,14 വാർഡുകളിൽ നടപ്പാക്കിയില്ല)

2. പദ്ധതി നടത്തിപ്പിനാവശ്യമായ സ്ഥലത്തിന്റെ ആവശ്യകത, ഉപയോഗിക്കേണ്ടിവരുന്ന മെറ്റീരിയൽസിന്റെ സ്പെസിഫിക്കേഷൻ എന്നിവ കൃത്യമായി കണക്കിലെടുക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി നടപ്പിലാക്കുകയും ചെയ്തതുമൂലമാണ് എല്ലാ വാർഡുകളിലും പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്തത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.അവശേഷിക്കുന്ന വാർഡുകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് 2021-22 വർഷം 199/22 നമ്പറായി പദ്ധതി ആവിഷ്കരിച്ചു എങ്കിലും നടപ്പാക്കിയിട്ടില്ല. അടങ്കൽ തുക 20 ലക്ഷം രൂപയായിരുന്നു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 2 തീയതി 12- 5 -2022 )യ്ക്കുള്ള മറുപടിയിൽ പദ്ധതിക്കാവശ്യമായ സ്ഥലം കണ്ടെത്താനുള്ള പ്രായോഗിക ബുദ്ധിമുട്ടും എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയിൽ അധിക അളവിൽ മെറ്റീരിയൽസ് വാങ്ങാൻ ഇടയായ സാഹചര്യവും വിശദീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിനനുസൃതമായി പദ്ധതി നിർവഹിക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

1-22 വെറ്റിനറി ഡിസ്പെൻസറി വൈദ്യുതീകരണം -4751 രൂപ തിരികെ ഈടാക്കിയില്ല

2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് വെറ്റിനറി ഡിസ്പെൻസറി വൈദ്യുതീകരണം. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി | വെറ്റിനറി ഡിസ്പെൻസറി വൈദ്യുതീകരണം - 159/2020-21 |
| അടങ്കൽ | 155987/- രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 155987/- രൂപ ബിൽ നമ്പർ 13/2020-21,<br>തീയതി – 15-05-2020 |

മേൽ പദ്ധതിയുടെ നിർവഹണാർഥം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ സബ് ഡിവിഷനിൽ 155987/- രൂപ ഡെപ്പോസിറ്റ് ചെയ്തു. എന്നാൽ പി.ഡബ്ല്യു.ഡി യിൽ നിന്ന് ലഭ്യമാക്കിയ പൂർത്തീകരണ സാക്ഷ്യപത്രത്തോടൊപ്പം 151,236/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ബാക്കി തുകയായ 4751/- രൂപ തിരികെ ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന 4751/- രൂപ തിരിക്കെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടില്ലാത്തതിനാൽ 4751/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക നിർവഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഭവനപുനരുദ്ധാരണം - സബ്സിഡി അധികമായി നൽകി

| | |
|---|---|
| പ്രോജക്റ്റ് നം. | S0 129/2020-21 ഭവനപുനരുദ്ധാരണം (എസ്.സി) (SO) |
| അടങ്കൽ | 1100000/- രൂപ (എസ്.സി.പി) |
| ചെലവ് , ബിൽവിവരം | 1)ബിൽ നമ്പർ 1/2020-21 തീയതി 30-04-2020 തുക-150000/- രൂപ<br>2)ബിൽ നമ്പർ 3/2020-21 തീയതി 16-06-2020 തുക-350000/- രൂപ<br>3)ബിൽ നമ്പർ 4/2020-21 തീയതി 16-06-2020 തുക-100000/- രൂപ<br>4)ബിൽ നമ്പർ 5/2020-21 തീയതി 16-07-2020 തുക-50000/- രൂപ<br>5)ബിൽ നമ്പർ 6/2020-21 തീയതി 28-09-2020 തുക-250000/- രൂപ<br>6)ബിൽ നമ്പർ 7/2020-21 തീയതി 16-01-2021 തുക-100000/- രൂപ |

2020-21 സാമ്പത്തികവർഷം വി ഇ ഒ നിർവ്വഹണം നടത്തിയ ഭവനപുനരുദ്ധാരണം S0 129/2020-21 (എസ്.സി) (SO) പദ്ധതിപ്രകാരം ഒരു ഗുണഭോക്താവിന് 100000/- രൂപ വീതമാണ് ആനുകൂല്യം നൽകേണ്ടിയിരുന്നത്.എന്നാൽ ഫയൽ പരിശോധനയിൽ താഴെ പറയുന്ന ഗുണഭോക്താവിന് S0 129/2020-21 പദ്ധതിപ്രകാരം ഭവനപുനരുദ്ധാരണത്തിനായി 150000/- രൂപ കൈമാറിയതായി കണ്ടെത്തി.

| ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ | തീയതി | തുക (രൂപ) |
|---|---|---|---|
| ശ്രീമതി. ലളിത തുളസീധരൻ | 1/2020-21 | 30.4.2020 | 50000 |
| നെല്ലിവിള കിഴക്കതിൽ | 5/2020-21 | 16.7.2020 | 50000 |
| ചിറ്റയം | 7/2020-21 | 16.1.2021 | 50000 |
| A/c No-67106852948 | ആകെ | | 150000 |

100000/- രൂപ പരമാവധി ആനുകൂല്യം നിശ്ചയിച്ചിരുന്ന പദ്ധതിപ്രകാരം മേൽ പറഞ്ഞ ശ്രീമതി. ലളിത തുളസീധരൻ നെല്ലിവിള കിഴക്കതിൽ ചിറ്റയം എന്ന ഗുണഭോക്താവിന് 150000/- രൂപ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/12.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി അനുവദിച്ച 50000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 3-2 പത്രപരസ്യം-അധിക നിരക്കിൽ തുക നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 2020-21 പദ്ധതി രൂപീകരണ നിർവഹണ മോണിറ്ററിംഗ് ചെലവുകൾ<br>പ്രോജക്റ്റ് നമ്പർ. 2/20-21 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 231043/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 205535/- (ബിൽ നമ്പർ.1/20-21, 31.03.21) |

മേൽ പദ്ധതി പ്രകാരം പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് കേരള കൗമുദി ദിനപത്രത്തിൽ പത്ര പരസ്യത്തിനായി 67200/- രൂപ ചെലവഴിച്ചിട്ടുണ്ട്. 1 Sq Cms നു 200/- രൂപ പ്രകാരമാണ് പരസ്യത്തിനായി തുക ചെലവഴിച്ചിട്ടുള്ളത്. (CGST-2.5%, SGST-2.5%) എന്നാൽ ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് (ഡി) വകുപ്പിന്റെ 10.12.2020 ലെ സ.ഉ.(അച്ചടി) നമ്പർ. 2/2020/ ഐ&പി.ആർ.ഡി ഉത്തരവു പ്രകാരം കേരള കൗമുദി ദിനപത്രം, കൊല്ലത്ത് B കാറ്റഗറിയിൽ ഉൾപ്പെടുന്ന ദിനപത്രമായതിനാൽ 1 Sq Cms നു അനുവദിക്കാവുന്ന പരമാവധി തുക 98/-രൂപയാണ്. മേൽ ഉത്തരവിലെ ഖണ്ഡിക 51 പ്രകാരം പി.ആർ.ഡി മുഖേന അല്ലാതെ

നേരിട്ട് അച്ചടി മാധ്യമങ്ങൾക്ക് പരസ്യം നൽകേണ്ട പ്രത്യേക സാഹചര്യമുണ്ടായാൽ ടി പരസ്യം പി.ആർ.ഡി മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട ദിനപത്രങ്ങളിൽ മാത്രം നൽകേണ്ടതാണ്. ഇത്തരം സാഹചര്യങ്ങളിൽ സ്ലോട്ടുകൾ ഉറപ്പാക്കുന്നതിനായി പി.ആർ.ഡി പരസ്യനിരക്കിൽ നിന്നും പരമാവധി 50%വരെ മാത്രമേ പരസ്യനിരക്കിൽ വർദ്ധനവ് നൽകാൻ പാടുള്ളൂ എന്ന വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്. ടി സ്ഥാപനങ്ങൾക്ക് പരസ്യത്തുകയുടെ 15% ഡിസ്കൗണ്ട് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പരസ്യത്തിന്റെ അളവ്(Sq.Cms) | നല്കിയ തുക( ഒരുSq.Cms ന് 200/- രൂപ)CGST-2.5% ,SGST-2.5% ഉൾപ്പെടെ | ബിൽ നമ്പർ /തീ | ഉത്തരവു പ്രകാരം നൽകാവുന്ന തുക ഒരുSq.Cms ന് 98/- CGST-2.5%, SGST -2.5% ഉൾപ്പെടെ | 50% വർദ്ധനവ് | 15% ഡിസ്കൗണ്ട് | നൽകേണ്ടിയിരുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 1 | 40 | 8400 | 56/20-21, 27.11.20 (33600/-രൂപ) | 4116 | 2058 | 617 | 5557 | 2843 |
| 2 | 32 | 6720 | 56/20-21, 27.11.20 | 3371 | 1686 | 506 | 4551 | 2169 |
| 3 | 40 | 8400 | 56/20-21, 27.11.20 | 4116 | 2058 | 617 | 5557 | 2843 |
| 4 | 48 | 10080 | 56/20-21, 27.11.20 | 4939 | 2470 | 741 | 6668 | 3412 |
| 5 | 64 | 13440 | 79/20-21, 16.03.21 | 6586 | 3293 | 988 | 8891 | 4549 |
| 6 | 40 | 8400 | 82/20-21, 25.03.21 (20160/-രൂപ) | 4116 | 2058 | 617 | 5557 | 2843 |
| 7 | 56 | 11760 | 82/20-21, 25.03.21 | 5762 | 2881 | 864 | 7779 | 3981 |
| | | | | | | | | ആകെ 22640/- |

അധികം നല്കിയ 22640/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

എൻക്വയറി നമ്പർ. 5/20-21, 13.05.22

നിരാകരിച്ച തുക - 22640/- രൂപ

## 3-3 വെറ്റിനറി ഡിസ്പെൻസറി വൈദ്യുതീകരണം -4751 രൂപ തിരികെ ഈടാക്കിയില്ല

2020 21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് വെറ്റിനറി ഡിസ്പെൻസറി വൈദ്യുതീകരണം. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി | വെറ്റിനറി ഡിസ്പെൻസറി വൈദ്യുതീകരണം - 159/2020-21 |
| അടങ്കൽ | 155987/- രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 155987/- രൂപ ബിൽ നമ്പർ 13/2020-21,<br>തീയതി – 15-05-2020 |

മേൽ പദ്ധതിയുടെ നിർവഹണാർഥം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ സബ് ഡിവിഷനിൽ 155987/- രൂപ ഡെപ്പോസിറ്റ് ചെയ്തു. എന്നാൽ പി.ഡബ്ല്യൂ.ഡി യിൽ നിന്ന്

ലഭ്യമാക്കിയ പൂർത്തീകരണ സാക്ഷ്യപത്രത്തോടൊപ്പം 151,236/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ബാക്കി തുകയായ 4751/- രൂപ തിരികെ ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന 4751/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടില്ലാത്തതിനാൽ 4751/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക നിർവഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 11.05.22 | കെ.എസ്.എ.കെ.എൽ.എം.പി.4/1057/22 തീയതി - 21.07.2022 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000 | പാലിയേറ്റീവ് കെയർ | - | 150000 |
| “ | “ | 57136 | സുഭിക്ഷ കേരളം | - | 57136 |
| “ | “ | 9100 | പ്രോജക്റ്റ് നം.208 തരിശ്ശ് പുരയിട പച്ചക്കറി കൃഷി | 9100 | - |
| “ | “ | 40000 | പ്രോജക്റ്റ് നം.76 ഇടവിള കൃഷി | 40000 | - |
| “ | “ | 76778 | പ്രോജക്റ്റ് നം.202 തരിശ്ശ് നിലത്ത് നെൽകൃഷി | 76778 | - |
| “ | “ | 23000 | പ്രോജക്റ്റ് നം.209 പച്ചക്കറി കൃഷി | 23000 | - |
| “ | “ | 45000 | പ്രോജക്റ്റ് നം.82 വാഴകൃഷി വികസനം | 45000 | |
| “ | “ | 109000 | പ്രോജക്റ്റ് നം.64 നെൽകൃഷി വികസനം | 109000 | |
| “ | “ | 39750 | പ്രോജക്റ്റ് നം.73 തെങ്ങ് കൃഷി വികസനം | 39750 | |
| “ | “ | 48000 | പ്രോജക്റ്റ് നം.210 ഫലവർഗ്ഗ വിളകൾ | 48000 | |
| “ | “ | 164279 | പ്രോജക്റ്റ് നം.240 ലൈഫ് Phase 3 To Phase 2 | 164279 | |
| “ | “ | 250000 | പ്രോജക്റ്റ് നം.12 SNP 2020-21 | 250000 | |
| “ | “ | 75000 | പ്രോജക്റ്റ് നം.14 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 75000 | |

| | | | | | |
|---|---|---|---|---|---|
| “ | “ | 50000 | പ്രോജക്റ്റ് നം.146 ഉരുക്ക് കമ്പനി കൊച്ചുമുടന്തിയാർ വിള നടപ്പാത നിർമാണം | 50000 | |
| “ | “ | 50000 | പ്രോജക്റ്റ് നം.192 കണ്ടച്ചിറ വിള ശിവഗംഗ റോഡ് നിർമ്മാണം | 50000 | |
| “ | “ | 100000 | പ്രോജക്റ്റ് നം.145 മക്കാട്ട് താഴതിൽ പെരുമൺ യു.പി. എസ് പിൻഭാഗം വരെയുള്ള റോഡ് നിർമ്മാണം | 100000 | |
| “ | “ | 120000 | പ്രോജക്റ്റ് നം.148 ചോനംചിറ ഷാപ്പ്മുക്ക് പനയം ക്ഷേത്രം നടപ്പാത അറ്റകുറ്റപ്പണികളും ബാക്കി ഭാഗ നിർമ്മാണവും | 120000 | |
| “ | “ | 100000 | പ്രോജക്റ്റ് നം.141 പോച്ചംവിള തെക്കേചരുവിള റോഡ് പള്ളി സെമിത്തേരി ഭാഗം നിർമ്മാണം | 100000 | |
| “ | “ | 681570 | പ്രോജക്റ്റ് നം.28 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം | 681570 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 73800 | പ്രോജക്റ്റ് നം.212 വീട്ടു വളപ്പിലെ കുളങ്ങളിലെ മൽസ്യകൃഷി | 73800 | |
| “ | “ | 45000 | പ്രോജക്റ്റ് നം.182 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 45000 | |
| “ | “ | 124000 | പ്രോജക്റ്റ് നം.181 SNP | 124000 | |
| “ | “ | 100000 | പ്രോജക്റ്റ് നം.12 SNP | 100000 | |
| “ | “ | 120000 | പ്രോജക്റ്റ് നം.137 പാലിന് സബ്സിഡി | 120000 | |
| “ | “ | 40000 | പ്രോജക്റ്റ് നം.34 ആശ്രയ പ്രോജക്റ്റ് | 40000 | |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | പ്രോജക്റ്റ് നം. 19/2020-21 പോസ്റ്റ് ഷിഫ്റ്റിംഗ് | 78/2020-21 തീയതി 16-03-2021 | 51153/- | 0 | 51153/- |

| | | | | | |
|---|---|---|---|---|---|
| KSEB | പ്രോജക്റ്റ് നം. 147/2020-21 സ്ട്രീറ്റ് മെയിൻ വലിക്കൽ | 14/2020-21 തീയതി 15-05-2020 | 877763/- | 0 | 877763/- |
| PWD Electricals | പ്രോജക്റ്റ് നം. 160/2020-21 പനയം ഗ്രാമപഞ്ചായത്ത് പോസ്റ്റ് ഓഫീസ് കെട്ടിടം വൈദ്യുതീകരണം | 22/2020-21 തീയതി 15-05-2020 | 56071/- | 0 | 56071/- |
| KSEB | പ്രോജക്റ്റ് നം. 162/2020-21 പോസ്റ്റ് ഷിഫ്റ്റിംഗ് | 53/2020-21 തീയതി 27-04-2020 | 97459/- | 0 | 97459/- |
| PWD | 159/2020-21 വെറ്റനറി ഡിസ്പെൻസറിയുടെ വൈദ്യുതീകരണം | 19/2020-21 തീയതി 27-07-2020 | 155987 | 0 | 155987 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 500000/- രൂപ വരവുണ്ട്. മുൻബാക്കി 85313/- രൂപയടക്കം 585313/- രൂപയിൽ 560000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Hudco (KURDFC) | G.O(MS)126/20, LSGD Dt: 20.08.20 G.O(Rt)183/20, LSGD Dt: 20.11.20 | 500000/- | 12194061/- | 1287373/- | | 11406688/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക(രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2017-18 | 3(20) | 3000/- | ശ്രീമതി രജിത, ബഡ്സ് സ്കൂൾ ടീച്ചർ | 120010101124/22.10.20 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഇല്ല

## 4-9 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 50000/- | ശ്രീമതി. സ്റ്റെഫി. എ, വി.ഇ.ഒ |
| 3-2 | | 22640/- | ശ്രീ. സുനീഷ് കുമാർ, സെക്രട്ടറി |
| 3-3 | | 4751 | ശ്രീ. സുനീഷ് കുമാർ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 55500/- | ശ്രീമതി. സീന, ഹെഡ്മിസ്ട്രസ്സ് |
| 1-15 | 93900/- | ശ്രീമതി. സീന, ഹെഡ്മിസ്ട്രസ്സ് |
| 1-16 | 248612 | ശ്രീ. സുനീഷ് കുമാർ, സെക്രട്ടറി |
| 1-17 | 545371/- | ശ്രീമതി. സീന, ഹെഡ്മിസ്ട്രസ്സ് |
| | | |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുനീഷ് കുമാർ, സെക്രട്ടറി | സെക്രട്ടറി, മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്ത് | സുനീഷ് ഭവൻ, പെരുമൺ. പി.ഒ |
| ശ്രീമതി. സീന, ഹെഡ്മിസ്ട്രസ്സ് | എച്ച്. എം. ഗവ. എൽ.പി.എസ്, പെരുമൺ | രാജഗിരി, കടവൂർ, പെരിനാട്. പി.ഒ |
| ശ്രീമതി. സ്റ്റെഫി. എ, വി.ഇ.ഒ | വി.ഇ.ഒ, ചിറ്റുമല ബ്ലോക്ക്പഞ്ചായത്ത് | മൂലേവിള, കിഴക്കേയിറക്കം, മാലിഭാഗം, ചവറ സൗത്ത്. പി.ഒ |
| | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ.എസ്.എ.കെ.എൽഎം. പി4-366/2018/28-02-2018 | 4 |
| 2003-04 & 2004-05 | കെ.എസ്.എ.കെ.എൽഎം. പി4-588/2018/12.04.2018 | 1 |
| 2006-07 | കെ.എസ് . എ-കെ.എൽ.എം- പി4-777(1)/19/.06.19 | 1 |
| 2007-08 | കെ.എസ് . എ-കെ.എൽ.എം- പി4-777(2)/19/7.06.19 | 3 |

| | | |
|---|---|---|
| 2008-09 | കെ.എസ് . എ-കെ.എൽ.എം- പി4-777(3)/19/7.06.19 | 4 |
| 2009-10 | കെ.എസ് . എ-കെ.എൽ.എം- പി4-777(4)/19/7.06.19 | 4 |
| 2010-11 | കെ.എസ് . എ-കെ.എൽ.എം- പി4-777(5)/19/7.06.19 | 5 |
| 2011-12 | എൽ.എഫ്.ക്യൂ പി6-870/14/07.10.14 | 1 |
| 2012-13 | കെ.എസ്എ.കെഎൽ എം.പി4-1716/17/10.05.18 | 11 |
| 2013-14 | കെ.എസ്എ.കെഎൽ എം.പി6-40/16/30.05.16 | 10 |
| 2014-15 | കെ.എസ്എ.കെഎൽ എം.പി4-1144/16/13.04.17 | 19 |
| 2015-16 | കെ.എസ്എ.കെഎൽ എം.പി4-41/17/01.12.2017 | 16 |
| 2016-17 | കെ.എസ്എ.കെഎൽ എം.പി4-1073/17/24.04.2018 | 10 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി4-1393/2018/07.12.2018 | 31 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി4-995/2019/07.08.2019 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി4-506/2021/17.03.21 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്